"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ഇനത്തിൽ 2015-16 വർഷം മുതൽ 2020-21 വരെ പിരിച്ച തുക "0230-00-800-85 Other receipts" ശീർഷകത്തിൽ ഒടുക്കിയത് - 2230-01-103-49(NV) ശീർഷകത്തിൽ നിന്നും 14,04,000/- രൂപ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.354/2026/LBR തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:-
1. 04/01/2008-ലെ സ.ഉ. (അച്ചടി) 6/2008/തൊഴിൽ.
2. ലേബർ കമ്മീഷണറുടെ 05/10/2021-ലെ ഇ.എൻ(4)6839/ 2019 നമ്പർ കത്ത്.
3. ലേബർ കമ്മീഷണറുടെ 12/11/2024-ലെ LCO/4453/2024-(EN5) നമ്പർ കത്ത്.
4. ലേബർ കമ്മീഷണറുടെ 22/01/2026-ലെ LCO/278/2026/F(3) നമ്പർ കത്ത്.
5. 16/02/2026-ലെ സ.ഉ.(സാധാ) നമ്പർ 1471/2026/ധന.

**ഉത്തരവ്**

കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ഇനത്തിൽ 2015-16 വർഷം മുതൽ 2020-21 വരെ പിരിഞ്ഞു കിട്ടിയതും '0230-00-800-85-other receipts' എന്ന ശീർഷകത്തിൽ സർക്കാർ ട്രഷറിയിൽ ഒടുക്കിയിട്ടുള്ളതുമായ 14,17,396/- (പതിനാല് ലക്ഷത്തി പതിനേഴായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ആറ്) രൂപയിൽ നിന്നും, 2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ആക്ടിലെ 3-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം, സെസ്സ് പിരിച്ചെടുത്ത ചെലവിലേക്ക് 1% കിഴിവ് ചെയ്ത് ബാക്കി തുകയായ 14,03,222/- (പതിനാല് ലക്ഷത്തി മൂവായിരത്തി ഇരുന്നൂറ്റി ഇരുപത്തിരണ്ട്) രൂപ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിക്കുന്നതിന് പരാമർശം (2) , (3) പ്രകാരം ലേബർ കമ്മീഷണർ ശിപാർശ സമർപ്പിക്കുകയും മേൽ തുക 2230-01-103-49(NV) ശീർഷകത്തിൽ നിന്നും ബോർഡിന് അനുവദിക്കുന്നതിനായി പരാമർശം (4) പ്രകാരം അധിക ധനാനുമതിയ്ക്കുള്ള ശിപാർശയും ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (5) ഉത്തരവ് പ്രകാരമുള്ള അധിക ധനാനുമതിയിലൂടെ 2230-01-103-49(NV) ശീർഷകത്തിൽ

അധിക തുകയായി അനുവദിച്ച **14,04,000/-** രൂപ (പതിനാല് ലക്ഷത്തി നാലായിരം രൂപ മാത്രം) കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ഇനത്തിൽ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിക്കുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** പ്രസ്തുത അധിക ചെലവ് നടപ്പ് സാമ്പത്തിക വർഷം അവസാനിയ്ക്കുന്നതിന് മുമ്പായി ധനപുനഃവിനിയോഗം മുഖേന ക്രമീകരിയ്ക്കുന്നതിന് വേണ്ട നടപടികൾ ലേബർ കമ്മീഷണർ സ്വീകരിയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ ജി നായർ
ഡെപ്യൂട്ടി സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (**20/02/2026**-ലെ **1923851/LBR-2/350/2021-FIN** നമ്പർ കുറിപ്പ് പ്രകാരം.)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. **LBRD-H1/265/2022-LBRD**).

ഉത്തരവിൻ പ്രകാരം

Signed by
Abhilash R P
Date: 04-03-2026 15:57:44
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്.
തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്.